REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 23-12-2025 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **ഇന്ന് ദേശീയ കർഷക ദിനം -മുൻ പ്രധാനമന്ത്രി ചൗധരി ചരൺ സിങ്ങിന് ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രിയും കേന്ദ്രമന്ത്രിമാരും, ആദരാഞ്ജലി അർപ്പിച്ചു.**
- **'വികസിത് ഭാരത് G -RAM -G പദ്ധതി'ക്ക് ഒരു ലക്ഷത്തി 50,000 ത്തിലേറെ കോടി രൂപ വകയിരുത്തിയതായി കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.**
- **സംസ്ഥാനത്തെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി കരട് വോട്ടർ പട്ടിക ഇന്ന് പ്രസിദ്ധീകരിക്കും.**
- **സ്വർണ വില പവന് ഒരു ലക്ഷം കടന്ന് പുതിയ ഉയരത്തിൽ.**
- **മയക്കുമരുന്ന് ഉപയോഗം തടയുന്നതിന് കേരള പൊലീസിന്റെ പദ്ധതി 'പോഡ' യ്ക്ക് വൈകിട്ട് തുടക്കമാകും.**
- **ഇന്ത്യ - ശ്രീലങ്ക വനിതാ ട്വന്റി - 20 ക്രിക്കറ്റിലെ രണ്ടാം മത്സരം വൈകിട്ട് വിശാഖപട്ടണത്ത്.**

## വാർത്തകൾ വിശദമായി

ഇന്ന് ദേശീയ കർഷക ദിനം. രാജ്യത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും കർഷക സമൂഹം നൽകുന്ന സംഭാവനകൾ സമൂഹത്തെ ഓർമ്മിപ്പിക്കാനും അംഗീകരിക്കാനും ലക്ഷ്യമിട്ടാണ് ദിനാചരണം. മുൻ പ്രധാനമന്ത്രി ചൗധരി ചരൺ സിങ്ങിന്റെ ജന്മദിനമാണ് കർഷക ദിനമായി ആഘോഷിക്കുന്നത്. കൃഷിയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിച്ച് ആധുനിക കാർഷിക പരിജ്ഞാനം നൽകുന്നതിന് രാജ്യവ്യാപകമായി കാമ്പെയ്നുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്രമന്ത്രിമാരായ ശിവരാജ് സിംഗ് ചൗഹാൻ, നിതിൻ ഗഡ്ഗരി, പ്രൽഹാദ് ജോഷി തുടങ്ങിയവർ ചരൺസിംഗിന് ജന്മവാർഷികത്തിൽ ആദരാഞ്ജലി അർപ്പിച്ചു. പിന്നാക്ക ജനതയുടെ ക്ഷേമത്തിനും കാർഷിക പുരോഗതിക്കും, കർഷകരുടെ സമൃദ്ധിക്കും വേണ്ടി ജീവിതം സമർപ്പിച്ച ചൗധരി ചരൺസിംഗിന്റെ രാഷ്ട്രനിർമ്മാണ സംഭാവനകൾ മറക്കാനാവില്ലെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പാർലമെന്റ് പാസാക്കിയ 'വികസിത് ഭാരത് G -RAM -G പദ്ധതി'ക്ക് ഒരു ലക്ഷത്തി 50,000 ത്തിലേറെ കോടി രൂപ വകയിരുത്തിയതായി കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഡൽഹിയിൽ അറിയിച്ചു. സമഗ്ര ഗ്രാമ വികസനത്തിനും, തൊഴിൽസൃഷ്ടിയ്ക്കും ആവശ്യമായ തുക ഉറപ്പാക്കണമെന്ന ലക്ഷ്യത്തോടെയാണ് നടപടിയെന്ന് അദ്ദേഹം വീഡിയോ സന്ദേശത്തിൽ വിശദീകരിച്ചു. പുതിയ നിയമപ്രകാരം മുൻപത്തെ നൂറ് ദിവസങ്ങൾക്കു പകരം 125 ദിവസത്തെ തൊഴിൽദിനങ്ങൾ പദ്ധതിയിൽ ലഭ്യമാക്കും. തൊഴിൽ നൽകാനായില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം നൽകണമെന്ന വ്യവസ്ഥ, നിയമത്തെ കൂടുതൽ ശക്തമാക്കുന്നതായി അദ്ദേഹം പറഞ്ഞു. പദ്ധതിയെക്കുറിച്ച് രാജ്യത്തെ തെറ്റിദ്ധരിപ്പിക്കാൻ മനഃപ്പൂർവ്വം ശ്രമം നടക്കുകയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

ജലസംരക്ഷണം, ഗ്രാമീണ അടിസ്ഥാന മേഖലാ നിർമ്മാണം, ജീവന പ്രവർത്തനങ്ങൾ, ദുരന്തനിവാരണം തുടങ്ങിയ മേഖലകൾ കേന്ദ്രീകരിച്ചായിരിക്കും പദ്ധതി നടപ്പാക്കുക.

✪✪✪

രാജ്യത്തെ ജനങ്ങൾക്ക് സുരക്ഷയും, ഐക്യവും, അഖണ്ഡതയും ഉറപ്പാക്കുന്നതിന് ഇന്റലിജൻസ് ബ്യൂറോ നിർണായക പങ്ക് വഹിക്കുന്നുണ്ടെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. ന്യൂഡൽഹിയിൽ 38-ാമത് ഇന്റലിജൻസ് ബ്യൂറോ സെന്റിനറി എൻഡോവ്മെന്റ് പ്രഭാഷണം നടത്തുകയായിരുന്നു രാഷ്ട്രപതി. രാജ്യത്തിന്റെ ആഭ്യന്തര സുരക്ഷ ഉറപ്പാക്കുന്നതിൽ IB യുടെ പങ്ക് രാഷ്ട്രപതി എടുത്തുപറഞ്ഞു.

✪✪✪

സംസ്ഥാനത്തെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി കരട് വോട്ടർ പട്ടിക ഇന്ന് പ്രസിദ്ധീകരിക്കും. നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായാണ് പട്ടിക തയ്യാറാക്കുന്നത്. പട്ടികയുമായി ബന്ധപ്പെട്ട പരാതികൾ അടുത്തമാസം 22 വരെ voters.eci.gov.in എന്ന പോർട്ടലിൽ സമർപ്പിക്കാം. 1950 എന്ന നമ്പറും, തെരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റും

ഇതിനായി ഉപയോഗപ്പെടുത്താം. അന്തിമ വോട്ടർ പട്ടിക ഫെബ്രുവരി 21-ന് പ്രസിദ്ധീകരിക്കും.

വോട്ടർപട്ടികയുടെ കൃത്യത ഉറപ്പാക്കാൻ എല്ലാ സമ്മതിദായകരും ഈ അവസരം ഉപയോഗപ്പെടുത്തണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ ഡോ. രത്തൻ U കേൽക്കർ പറഞ്ഞു. കേരളത്തോടൊപ്പം മധ്യപ്രദേശിലേയും ഛത്തീസ്ഗഡിലേയും ആൻഡമാൻ നിക്കോബാർ ദ്വീപിലെയും കരട് വോട്ടർ പട്ടികയും തെരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പ്രസിദ്ധീകരിക്കും.

✪✪✪

സംസ്ഥാനത്ത് എന്യൂമറേഷൻ ഫോം പൂരിപ്പിച്ച് നൽകാനാകാത്തവർക്കും, കരട് വോട്ടർപട്ടികയിൽ ഉൾപ്പെടാത്തവർക്കും ഇന്ന് മുതൽ ജനവരി 22 വരെ വോട്ടർപട്ടികയിൽ പുതുതായി പേര് ചേർക്കാമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. ഫോം ആറിലും, പ്രവാസികൾ ആറ് A യിലുമാണ് അപേക്ഷിക്കേണ്ടത്. ഇതിനൊപ്പം ഡിക്ലറേഷനും നൽകണം. മരണം, താമസം മാറൽ, പേര് ഇരട്ടിപ്പ് തുടങ്ങിയ കാരണങ്ങളാൽ പേര് ഒഴിവാക്കാൻ ഫോം ഏഴിലാണ് അപേക്ഷിക്കേണ്ടത്. വിലാസം മാറ്റാനും തിരുത്തലുകൾക്കും ഫോം എട്ടിലാണ് അപേക്ഷിക്കേണ്ടത്.

✪✪✪

സംസ്ഥാനത്ത് വരാനിരിക്കുന്ന നിയമസഭ തെരഞ്ഞെടുപ്പിന് പാർട്ടികളും മുന്നണികളും വിപുലീകരണ ചർച്ചകൾ സജീവമാക്കി. തദ്ദേശ തെരഞ്ഞെടുപ്പിലെ ജയ-പരാജയങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ടാണ് വിപുലീകരണ ചർച്ചകൾക്ക് തുടക്കമിടുന്നത്. ഓരോ നിയമസഭാ മണ്ഡലത്തിലും കൂടുതൽ വോട്ടു പിടിക്കാൻ കിട്ടാവുന്ന പിന്തുണയൊക്കെ ഉറപ്പിക്കുകയാണ് LDF - UDF - NDA മുന്നണികളുടെ ശ്രമം.

തദ്ദേശ തെരഞ്ഞെടുപ്പിലെ അപ്രതീക്ഷിത തിരിച്ചടി CPIM നേതൃത്വം നൽകുന്ന LDF ലെ പാർട്ടികളിൽ ചെറുതല്ലാത്ത അങ്കലാപ്പുണ്ടാക്കിയിട്ടുണ്ട്.. മുന്നണിയുടെ കെട്ടുറപ്പ് കൂടുതൽ ഭദ്രമാക്കുന്ന ചർച്ചകളിലേക്കും തീരുമാനങ്ങളിലേക്കും LDF കടക്കുമെന്നാണ് റിപ്പോർട്ട്. ന്യൂനപക്ഷ വോട്ടുകൾ ഭിന്നിക്കാതിരിക്കാൻ മുന്നണി ശ്രദ്ധ കേന്ദ്രീകരിച്ചേക്കും.

തദ്ദേശ ഭരണ തെരഞ്ഞെടുപ്പിലെ വിജയം നൽകിയ ആത്മവിശ്വാസവുമായാണ് UDF മുന്നോട്ട് പോകുന്നത്. ഇന്നലെ കൊച്ചിയിൽ ചേർന്ന നേതൃയോഗം നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട മുന്നൊരുക്കങ്ങൾ ചർച്ച ചെയ്തു. NDA യുടെ സഖ്യകക്ഷിയായിരുന്ന CK ജാനുവിന്റെ ജനാധിപത്യ രാഷ്ട്രീയ സഭയെ UDFന്റെ ഭാഗമാക്കി നിർത്തി മുന്നണിവിപുലീകരണത്തിന് തുടക്കമിട്ടു കഴിഞ്ഞു.

നിയമസഭാ തെരഞ്ഞെടുപ്പിൽ തിരുവനന്തപുരം ഉൾപ്പെടെ ജില്ലകളിലെ ചില മണ്ഡലങ്ങളിൽ കണ്ണുവെച്ചായിരിക്കും NDAയുടെ തെരഞ്ഞെടുപ്പ് തന്ത്രങ്ങൾ. തിരുവനന്തപുരം കോർപറേഷനിൽ കൂടുതൽ സീറ്റ് നേടിയതിന്റെ ആത്മവിശ്വാസമാണ് ജില്ലയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ NDA-യെ പ്രേരിപ്പിക്കുന്നത്. കോർപറേഷനിൽ ജയിച്ച ഡിവിഷനുകൾ ഉൾപ്പെടുന്ന നിയമസഭാ മണ്ഡലങ്ങൾ ജയിച്ചു കയറാൻ പ്രത്യേക ഊന്നൽ നൽകാനാണ് BJP യുടെ തീരുമാനം.

✪✪✪

സംസ്ഥാനത്തെ തദ്ദേശ തെരഞ്ഞെടുപ്പിൽ പാർട്ടികൾക്ക് ലഭിച്ച വോട്ടിന്റെ അന്തിമ കണക്ക് തെരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തുവിട്ടു. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വോട്ട് കിട്ടിയത് കോൺഗ്രസിനാണ് - 29.17 ശതമാനം. രണ്ടാം സ്ഥാനത്ത് CPIM ആണ്- 27.16 ശതമാനം. BJP യ്ക്ക് 14.76 ശതമാനവും, മുസ്ലീം ലീഗിന് 9.77 ശതമാനവും CPIയ്ക്ക് 5.58 ശതമാനവുമാണ് വോട്ട് ലഭിച്ചത്. കക്ഷിരഹിതർക്ക് ലഭിച്ച വോട്ട് ശതമാനം 5.77 ആണ്. തിരുവനന്തപുരം മുതൽ തൃശൂർ വരെ ജില്ലകളിൽ കോൺഗ്രസിന് 30 ശതമാനത്തിന് മുകളിൽ വോട്ട് നേടാനായി.

✪✪✪

ഐക്യജനാധിപത്യ മുന്നണിയുടെ നിലപാടുകളുമായി യോജിക്കുന്നവരെ മാത്രമേ UDF ൽ ഉൾപ്പെടുത്താവൂവെന്ന് മുൻ KPCC പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ മാധ്യമങ്ങളോട് പറഞ്ഞു. വഴിയമ്പലമായി കാണുന്നവരുടെ അവസാന അഭയ കേന്ദ്രമായി UDF മാറരുതെന്നും അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു.

✪✪✪

ആകാശവാണി കോഴിക്കോട് പ്രാദേശിക വാർത്താവിഭാഗം, വരുന്ന നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വാർത്തകളും, വിശേഷങ്ങളുമായി പ്രത്യേക പരിപാടി 'തിരഞ്ഞെടുപ്പ് പുറപ്പാട് ' നാളെ പ്രക്ഷേപണം ചെയ്യും. കോഴിക്കോട് നിലയത്തിൽ രാവിലെ ഒൻപതിനും, റിയൽ FM ൽ 9-30 നും പരിപാടി കേൾക്കാം. തിരഞ്ഞെടുപ്പ് പൂർത്തിയാകുന്നതു വരെ ആഴ്ചയിലൊരിക്കൽ എല്ലാ ബുധനാഴ്ചയും പരിപാടി പ്രക്ഷേപണം ചെയ്യും.

✪✪✪

സ്വർണ വില പുതിയ ഉയരത്തിൽ. പവന് ഒരു ലക്ഷത്തി ആയിരത്തി അറുന്നൂറ് രൂപയാണ് ഇന്നത്തെ വില. ഗ്രാമിന് 12,700 രൂപയിലാണ് വ്യാപാരം നടക്കുന്നത്.

തിരുവനന്തപുരത്ത് നിന്ന് സ്മിതി M പള്ളുരുത്തി.

....(വോയ്സ്).......

✪✪✪

സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗം തടയുന്നതിന് കേരള പൊലീസിന്റെ പദ്ധതിയായ 'പോഡ' യ്ക്ക് ഇന്ന് ഔദ്യോഗിക തുടക്കം. വൈകിട്ട് തിരുവനന്തപുരം പൊലീസ് ആസ്ഥാനത്തെ ചടങ്ങിൽ ഇതിന്റെ സമ്മതപത്രം സംസ്ഥാന പോലീസ് മേധാവി രവദ ചന്ദ്രശേഖറിന് CII പ്രതിനിധികൾ കൈമാറും.

തിരുവനന്തപുരത്ത് നിന്ന് രെജു കോലിയക്കോട്.

....(വോയ്സ് )......

✪✪✪

കണ്ണൂർ ആറളം ഫാമിലും പുനരധിവാസ മേഖലയിലും തമ്പടിച്ചിരിക്കുന്ന കാട്ടാനകളെ വന്യജീവി സങ്കേതത്തിലേക്ക് തിരിച്ചയക്കാൻ 'ഓപ്പറേഷൻ ആറളം ഫാം - ഗജമുക്തി' പദ്ധതി പുനരാരംഭിച്ചു.

കണ്ണൂരിൽ നിന്ന് K O ശശിധരൻ.

.............(വോയ്സ്).....

✪✪✪

ഇന്ത്യ- ശ്രീലങ്ക വനിതാ ട്വന്റി 20 ക്രിക്കറ്റിലെ രണ്ടാം മത്സരം വൈകിട്ട് വിശാഖപട്ടണത്ത് ആരംഭിക്കും. ശേഷിക്കുന്ന മൂന്ന് മത്സരങ്ങൾ തിരുവനന്തപുരത്താണ്. ആദ്യ മത്സരം ജയിച്ച് ഇന്ത്യ അഞ്ച് മത്സര പരമ്പരയിൽ മുന്നിട്ട് നിൽക്കുകയാണ്.

✪✪✪

2030 - ഓടെ സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതോത്പാദനം പതിനായിരം മെഗാവാട്ടാക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി K കൃഷ്ണൻകുട്ടി അറിയിച്ചു. ഒൻപത് വർഷം കൊണ്ട് വൈദ്യുതി മേഖലയിലെ ആഭ്യന്തര ഉത്പാദനം 2,046.16 മെഗാവാട്ട് ആയി വർദ്ധിച്ചെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. വൈദ്യുതി പ്രസരണ രംഗത്ത് 8,056.3 കോടി രൂപയുടെയും, ഉത്പാദന രംഗത്ത് 2,941.67 കോടി രൂപയുടെയും മുതൽമുടക്ക് ഇക്കാലയളവിൽ നടത്തി. വൈദ്യുതി വിതരണ മേഖലയിൽ 13,015 കോടിയോളം രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയെന്നും മന്ത്രി വിശദീകരിച്ചു.

✪✪✪

ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റിന്റെ അഞ്ചാം  സീസൺ ഈ മാസം 26-ന് ആരംഭിക്കും. 28 വരെ നീളുന്ന ഫെസ്റ്റ്, മുഖ്യമന്ത്രി പിണറായി വിജയൻ വെള്ളിയാഴ്ച  ഓൺലൈനായി ഉദ്ഘാടനം ചെയ്യും.

✪✪✪

---

*News Editor  വി കെ സുരേഷ്*
*News Reader: ശരണ്യ രാജൻ*
*NRTs: അനിൽ ചന്ദ്രൻ,  സബിത കെ*
*DEO :  ഷീബ*